**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2924** **13-10-2021 - ൽ മറുപടിയ്ക്ക്**

**കുണ്ടറ നിയോജകമണ്ഡലത്തിലെ കണ്ണനെല്ലൂർ മത്സ്യമാർക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri Saji Cherian (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ നിയോജകമണ്ഡലത്തിലെ കണ്ണനെല്ലൂരിൽ മത്സ്യമാർക്കറ്റ് അനുവദിച്ചിട്ടുണ്ടോ; അനുവദിച്ചിട്ടുണ്ടെങ്കിൽ അനുവദിച്ചിരുന്ന സമയത്ത് നിർമ്മാണത്തിനായി സ്ഥലം ലഭ്യമായിരുന്നോ; സ്ഥലം ലഭ്യമല്ല എങ്കിൽ സ്ഥലം ഏറ്റെടുക്കുന്നതും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ? | (എ) | കുണ്ടറ നിയോജകമണ്ഡലത്തിലെ കണ്ണനെല്ലൂരിൽ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിനായി നബാർഡ് ആർ.ഐ.ഡി.എഫ് സ്കീമിൽ 502.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി രൂപീകരണ സമയത്ത് നിർമ്മാണത്തിനായി സ്ഥലം ലഭ്യമായിരുന്നു. (റവന്യൂ രേഖകളിൽ സർക്കാർ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു). ദർഘാസ് ക്ഷണിച്ച് നിർമ്മാണം ആരംഭിക്കുന്ന ഘട്ടമായപ്പോഴേക്കും കോടതി വ്യവഹാരം നിമിത്തം നിർമ്മാണം ആരംഭിക്കുവാൻ കഴിഞ്ഞില്ല. പ്രവൃത്തി ഏർപ്പാടാക്കുന്നതിന് ഉദ്ദേശിച്ചിരുന്ന സ്ഥലം ഇപ്പോൾ വേലികെട്ടി സംരക്ഷിച്ചിരിക്കുകയാണ്. പ്രവൃത്തി നടപ്പിലാക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ബഹു. കൊല്ലം ജില്ലാ കളക്ടറോടും തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും അഭ്യർത്ഥിച്ചിരിക്കുകയാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ